**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 564** **09-08-2023 - ൽ മറുപടിയ്ക്ക്**

**നികുതിശോഷണം തടയൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. വകുപ്പിന്റെ പുന:സംഘടനയും ഓഡിറ്റ് ഉൾപ്പെടെയുള്ള ശാസ്ത്രീയ മാർഗ്ഗങ്ങളും നികുതിശോഷണം തടയുന്നത് സാധ്യമാക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; | (എ) | വകുപ്പിന്റെ പുനഃ സംഘടനയും ഇതിലൂടെ ഇന്റലിജൻസ്, ഓഡിറ്റ് വിഭാഗങ്ങളുടെ ശക്തിപ്പെടുത്തലും നികുതി ശോഷണം തടയുന്നതിന് ഗണ്യമായ തോതിൽ സഹായകമാകും എന്നാണ് വിലയിരുത്തിയിട്ടുള്ളത്. സംസ്ഥാനത്തിന്റെ നികുതി വരുമാനം കൂട്ടുവാനായും, വകുപ്പിന്റെ കാര്യക്ഷമത വർധിപ്പിക്കാനായും ജി. എസ്. ടി. നിയമത്തിനനുസൃതമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് സമഗ്രവും ശാസ്ത്രീയവുമായ രീതിയിൽ പുനഃ സംഘടിപ്പിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യ കൂടുതലായി ഉപയോഗപ്പെടുത്തിയും, ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിച്ചും നികുതി വെട്ടിപ്പ് തടയുന്നതിനുള്ള ശക്തമായ നടപടികൾ വകുപ്പിന്റെ ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്. ശക്തിപ്പെടുത്തിയ ഓഡിറ്റ് വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥർക്ക് വേണ്ടിയുള്ള പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പരിശീലനത്തിന് ശേഷം കാര്യക്ഷമമായ ഓഡിറ്റ് ആരംഭിക്കുന്നതോടെ ഗണ്യമായ തോതിൽ നികുതി ശോഷണം തടയുന്നതിന് സാധിക്കും എന്നാണ് വകുപ്പ് വിലയിരുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത നടപടികൾ സ്വർണ്ണമേഖലയിലുൾപ്പെടെയുള്ള നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായിക്കുമോ? | (ബി) | പ്രസ്തുത നടപടികൾ സ്വർണ്ണമേഖല ഉൾപ്പടെയുള്ള മറ്റു മേഖലകളിലും നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായകമാകും എന്നാണ് വിലയിരുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ